**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2907 — 13/03/2020-ൽ മറുപടിക്ക്

**കാട്ടാക്കട കേന്ദ്രമായി അനുവദിച്ച മത്സ്യഭവൻ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഐ.ബി.സതീഷ് | | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | കാട്ടാക്കട കേന്ദ്രമായി അനുവദിച്ച മത്സ്യഭവന്റെ (ഉൾനാടൻ) നിലവിലെ സ്ഥിതി വിശദമാക്കാമോ; മത്സ്യഭവൻ പ്രവർത്തനമാരംഭിക്കുന്നതിനുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; എന്നു മുതൽ ഓഫീസ് പ്രവർത്തനം ആരംഭിയ്ക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (എ) | കാട്ടാക്കട കേന്ദ്രമായി അനുവദിച്ച ഉൾനാടൻ മത്സ്യഭവനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിലവിൽ നെയ്യാർഡാം ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ നിന്നും ഏകോപിപ്പിച്ചു വരുന്നു. കാട്ടാക്കട കേന്ദ്രമായി ഫിഷറീസ് വകുപ്പിന് സ്വന്തമായി കെട്ടിടം ഇല്ലാത്തതും അനുയോജ്യമായ കെട്ടിടം വാടകയ്ക്ക് കണ്ടെത്താൻ കഴിയാത്തതും മത്സ്യഭവൻ പ്രവർത്തനത്തിനു വേണ്ടി പുതുതായി സൃഷ്ടിച്ച ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, സബ് ഇൻസ്പെക്ടർ എന്നീ തസ്തികകളിൽ ഉടൻ നിയമനം നടത്താൻ കഴിയാത്തതുമാണ് മത്സ്യഭവൻ പ്രവർത്തനമാരംഭിക്കുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം. താമസംവിനാ മത്സ്യഭവന്റെ പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

Bichaehi.

**സെക്ഷൻ ഓഫീസർ**